Mathrubhumi
മാതൃഭൂമി
03 February 2023

# കൂട് മത്സ്യക്കൃഷി വിജയം, ഇനി കല്ലുമ്മക്കായ

## മൂടാടിയിൽ കർഷകർക്ക് സി.എം.എഫ്.ആർ.ഐ. പരിശീലനം

**കൊയിലാണ്ടി**▸ കേന്ദ്ര സമുദ്ര മത്സ്യഗവേഷണ കേന്ദ്രം കോഴിക്കോട് പ്രാദേശിക കേന്ദ്രത്തിന്റെ നേതൃത്വത്തിൽ മൂടാടി ഗ്രാമപ്പഞ്ചായത്തിൽ കൂട് മത്സ്യക്കൃഷി നടത്തുന്ന കർഷകർക്കായി കല്ലുമ്മക്കായ കൃഷിയിലും പരിശീലനം നൽകുന്നു.

കൂട് കൃഷിയോടൊപ്പം കല്ലുമ്മക്കായ വളർത്തലും സംയോജിപ്പിച്ച് കൃഷി ചെയ്യുന്നതിലാണ് പരിശീലനം നൽകിയത്. സി.എം.ഏഫ്.ആർ.ഐ. പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ.കെ.വിനോദ്, സയന്റിസ്റ്റ് ഡോ.എം.ടി. ഷിൽറ്റ എന്നിവരുടെ നേതൃത്വത്തിലായിരുന്നു പരിശീലനം.

ഉചിതമായ അനുപാതത്തിൽ മത്സ്യവും കല്ലുമ്മക്കായയും സംയോജിപ്പിച്ചു ചെയ്യുന്ന കൃഷി രീതിയെക്കുറിച്ച് (ഇന്റഗ്രേറ്റഡ് മൾട്ടി ട്രോഫിക് അക്വാകൾച്ചർ–ഐ.എം.ടി.എ.) ഡോ. ഷിൽറ്റ് ക്ലാസെടുത്തു. കൂടുകളിൽ വളരുന്ന മൽസ്യത്തിന്റെ വിസർജ്ജനവും മറ്റ് ഭക്ഷണ അവശിഷ്ടങ്ങളും കല്ലുമ്മക്കായയുടെ വളർച്ചയ്ക്ക് ഉപയോഗപ്പെടുത്തുന്ന രീതിയാണിത്.

ഐ.എം.ടി.എ. കൃഷി രീതിയിൽ പോഷക പുനരുപയോഗത്തിലൂടെ ജലാശയങ്ങളിലെ പോഷക മലിനീകരണം കുറയ്ക്കാനും സഹായിക്കും.

മൂടാടി ഗ്രാമ പഞ്ചായത്തിലെ ഇരുപതോളം കർഷകർ പരിശീലന പരിപാടിയിൽ പങ്കെടുത്തു. സി.എം.ഏഫ്.ആർ.ഐയിലെ ശാസ്ത്രജ്ഞരും ടെക്നീഷ്യൻമാരുമായ ഡോ .രമ്യ അഭിജിത്ത്, എം.വിജിഷ,അജിത്ത്,വി. രാജേന്ദ്രൻ,എന്നിവരാണ് പരിശീലനത്തിന് നേതൃത്വം നൽകിയത്.




▶ മൂടാടി ഗ്രാമപ്പഞ്ചായത്തിലെ അകലാപ്പുഴയിൽ കൂട് മത്സ്യക്കർഷകർക്ക് കല്ലുമ്മക്കായ വളർത്തലിൽ സി.എം.എഫ്.ആർ.ഐ. ഉദ്യോഗസ്ഥർ പരിശീലനം നൽകുന്നു

### കൃഷി അകാലിപ്പുഴയിൽ

മൂടാടി ഗ്രാമപ്പഞ്ചായത്തിലെ അകലാപ്പുഴയിൽആണ് പുതിയ കൃഷിരീതി പരീക്ഷിക്കുന്നത്. കൂട് മത്സ്യക്കൃഷി വിജയകരമായ സാഹചര്യത്തിലാണ് ഗ്രാമപ്പഞ്ചായത്ത് കേന്ദ്ര സമുദ്ര മത്സ്യഗവേഷണസ്ഥാപനവുമായി ചേർന്ന് കല്ലുമ്മക്കായ കൃഷിയിലും പരിശീലനം നൽകുന്നതെന്ന് ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് സി.കെ.ശ്രീകുമാർ പറഞ്ഞു. ചെറു സംഘങ്ങൾ രൂപവത്കരിച്ച് കൂട്ടമായും വ്യക്തിഗതമായും ചെയ്യുന്ന കൂട് മത്സ്യക്കൃഷി മൂടാടി, ഉള്ളിയേരി, അത്തോളി, കീഴരിയൂർ, തിക്കോടി എന്നിവിടങ്ങളിൽ വ്യപകമാവുകയാണ്. മൂടാടി ഗ്രാമ പഞ്ചായത്തിൽ വരുന്ന മുചുകുന്ന് കേളോത്ത് താഴ ഭാഗത്ത് 38 പേർ അംഗങ്ങളായ കൂട് മത്സ്യക്കൃഷിസംഘം ചെമ്പല്ലി, കരിമീൻ, കാളാഞ്ചി, ചിത്രലാട എന്നിവയാണ് വളർത്തുന്നത്. ഫിഷറീസ് വകുപ്പ്, സി.എം.എഫ്.ആർ.ഐ., മൂടാടി ഗ്രാമപ്പഞ്ചായത്ത് എന്നിവയുടെ സാമ്പത്തിക, സാങ്കേതിക സഹായത്തോടെയാണ് മത്സ്യക്കൃഷി നടത്തുന്നത്.

### കൂട് മത്സ്യക്കൃഷി

വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന തരത്തിലാണ് ഇരുമ്പ് പൈപ്പും വലയും ഉപയോഗിച്ച് കൂടൊരുക്കുന്നത്. വെള്ളമുയർന്നാലും താഴ്ന്നാലും കൂടും അതിനനുസരിച്ച് പൊങ്ങി നിൽക്കും. കാളാഞ്ചി, ചെമ്പല്ലി എന്നിവ എട്ടുമാസമാകുമ്പോഴേക്കും വിളവെടുക്കാൻ കഴിയും. കരിമീൻ ഒരുവർഷമെടുക്കും. ചിത്രലാട സാധാരണ ഗതിയിൽ ശുദ്ധജല മത്സ്യമാണെങ്കിലും ഉപ്പുവെള്ളത്തിലും നന്നായി വളരുന്നുണ്ട്. കൊയിലാണ്ടി ഹാർബറിൽ വാങ്ങി കൊണ്ടുവരുന്ന ചെറുമത്സ്യങ്ങളാണ് കൂട്ടിൽ വളരുന്ന മത്സ്യങ്ങൾക്ക് തീറ്റയായി നൽകുന്നത്.